**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4115** **17-03-2025 - ൽ മറുപടിയ്ക്ക്**

**എം.എസ്.എം.ഇ.കളുടെ ലിസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2021 , 2022 , 2023, 2024 കാലയളവിൽ സംസ്ഥാനത്ത് ആരംഭിച്ച എം.എസ്.എം.ഇ.കളുടെ ലിസ്റ്റ് തദ്ദേശ സ്വയംഭരണ വകുപ്പിൽ ലഭ്യമാണോ; എങ്കിൽ എം.എസ്.എം.ഇ.കളുടെ പേര്, വിലാസം, തുടങ്ങിയ തീയതി എന്നീ വിവരങ്ങൾ അടങ്ങുന്ന ലിസ്റ്റ് നൽകാമോ? | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ രണ്ടാം പട്ടികയിൽ നിശ്ചയിച്ചിട്ടുള്ള ഫീസുകളുടെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്തുകൾ ലൈസൻസ് അനുവദിക്കുന്നത്. 2011-ലെ കേരള മുൻസിപാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൂന്നാം പട്ടികയിൽ നിശ്ചയിച്ചിട്ടുള്ള ഫീസുകളുടെ അടിസ്ഥാനത്തിലാണ് മുൻസിപാലിറ്റികളിലും കോർപ്പറേഷനുകളിലും ലൈസൻസ് അനുവദിക്കുന്നത്. ആയതിനാൽ 2006-ലെ The Micro Small And Medium Enterprises Development Act പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ പ്രത്യേകമായിട്ടുള്ള പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ